LIBRARY ARCHIVES Kerala Legislative Assembly

Detector സ്ഥാപിച്ചിട്ടുണ്ട്. കമ്പി പൊട്ടി വീഴുന്നതുപോലുള്ള അത്യാവശ്യ ഘട്ടങ്ങളിൽ പൊതുജനങ്ങൾക്ക് നേരിട്ട് വിളിച്ചറിയിക്കുന്നതിന് " 9496010101" എന്ന നമ്പറിലെ സേവനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ സെൻസിറ്റീവ് പ്രദേശങ്ങളായ സ്കൂളുകൾ, ആശുപത്രികൾ, ആരാധനാലയങ്ങൾ തുടങ്ങിയവയുടെ സമീപത്തുള്ള പ്രതിഷ്ഠാപനങ്ങളിലും തുടർന്ന് മറ്റു പ്രദേശങ്ങളിലും സ്പേസർ, ഗാർഡിംഗ് മുതലായവ സ്ഥാപിച്ചു. ബാക്കിയുള്ള സ്ഥലങ്ങളിൽ ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നു. പുതുതായി ഇലക്ട്രിക് കണക്ഷനുകൾ നൽകുമ്പോൾ എല്ലാ പ്രൈമിസസുകളിലും ELCB നിഷ്കർഷിക്കുന്നുണ്ട്. നിലവിൽ ELCB സ്ഥാപിച്ചിട്ടില്ലാത്ത പ്രൈമിസസുകളിൽ ELCB സ്ഥാപിക്കുന്നതിനു പൊതുജനങ്ങളുടെയിടയിൽ ബോധവൽക്കരണം നൽകിവരുന്നുണ്ട്.

കേരള ബാങ്കിന് ഏകീകൃത സോഫ്റ്റ്വെയർ

24 (*53) ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. എം. വിൻസെന്റ്:
ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിന്റെ ബാങ്കിംഗ് നെറ്റ്വർക്കിനായി ഒരു ഏകീകൃത സോഫ്റ്റ്വെയർ വികസിപ്പിക്കാതിരിക്കുന്നതിനുള്ള കാരണം വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളെ സംയോജിപ്പിച്ച് രണ്ടു വർഷം കഴിഞ്ഞിട്ടും ഓരോ ജില്ലയിലും പ്രത്യേക സോഫ്റ്റ്വെയറുകളിലാണോ ബാങ്കുകൾ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ&ബി) 13 ജില്ലാ സഹകരണ ബാങ്കുകളെ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് നിലവിൽ വന്ന കേരള ബാങ്കിന് 769 ശാഖകളുണ്ട്. നിലവിൽ ഓരോ ജില്ലയിലും പ്രത്യേക സോഫ്റ്റ്വെയറുകളിലാണ് കേരള ബാങ്കിന്റെ ഓഫീസുകൾ പ്രവർത്തിക്കുന്നത്. വ്യത്യസ്ത കോർ ബാങ്കിംഗ് സൊല്യൂഷനുകളിൽ പ്രവർത്തിക്കുന്ന കേരള ബാങ്കിന്റെ ജില്ലാ ഓഫീസുകളെ ഐ.ടി. സംയോജനം വഴി ഒന്നാക്കുകയെന്നത് അത്യധികം സങ്കീർണ്ണതകൾ നിറഞ്ഞ ഒരു പദ്ധതിയാണ്. കേരള ബാങ്കിന് ഒരു ഏകീകൃത സോഫ്റ്റ്വെയർ വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. ആയതിനുള്ള Solution providers-നെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കേരള ബാങ്കിന്റെ എ.ടി.എം.-കളിൽനിന്നും ലക്ഷക്കണക്കിന് രൂപ തട്ടിയെടുത്തത് ബാങ്കിംഗ് സോഫ്റ്റ്വെയറിലെ പോരായ്മകൾ കൊണ്ടാണോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ പ്രസ്തുത പോരായ്മകൾ പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കേരള ബാങ്കിന്റെ എ.ടി.എം. പണമിടപാട് തട്ടിപ്പിൽ ബാങ്കിന്റെ സോഫ്റ്റ്വെയറുമായി ഒരു ബന്ധവുമില്ല. മാത്രമല്ല ബാങ്കിന്റെ സോഫ്റ്റ്വെയറുകളെ ഒരു തരത്തിലും ഈ ഇടപാടുകൾ ബാധിച്ചിട്ടില്ല. മറ്റ് ബാങ്കുകളുടെ വ്യാജ മാഗ്നറ്റിക്ക് സ്ട്രൈപ്പ് കാർഡുകൾ ഉപയോഗിച്ചാണ് തട്ടിപ്പ് നടത്തിയത്. മാഗ്നറ്റിക്ക് സ്ട്രൈപ്പ് കാർഡുകൾ ഉപയോഗിച്ച് പണം പിൻവലിക്കുന്നതിന് പകരം ഇ.എം.വി. ചിപ്പ് കാർഡുകൾ എ.ടി.എം-ൽ പ്രവർത്തിക്കുന്ന സംവിധാനം നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എല്ലാ ജില്ലകളിലും പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്.

സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലയിൽ പുതിയ സംരംഭങ്ങൾ

25(*54) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി വ്യവസായ വകുപ്പ് എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണ് ലക്ഷ്യമിടുന്നത്; പ്രസ്തുത ലക്ഷ്യം കൈവരിക്കാനായോ; വിശദമാക്കുമോ?

നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി വ്യവസായ വകുപ്പുവഴി 10000 തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. പ്രസ്തുത ലക്ഷ്യം കൈവരിക്കാനായിട്ടുണ്ട്. ടി കാലയളവിൽ വ്യവസായ വകുപ്പുവഴി സംരംഭക മേഖലയിൽ മാത്രം ആകെ 14225 തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

(ബി) കോവിഡ് പ്രതിസന്ധി കാലമായിട്ടും ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം മൂവായിരത്തി ഇരുന്നൂറ്റി നാൽപത്തി ഏഴ് സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചിട്ടുള്ളത് സർക്കാർ നടപടികളിൽ ജനങ്ങൾക്കുള്ള വിശ്വാസത്തിന്റെ പ്രതിഫലനമാണെന്ന് വിലയിരുത്തുന്നുണ്ടോ?

ഉണ്ട്.